# 2009-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സുനിശ്ചിതമായ കൂടുതൽ ചുമതലകൾ വിനിയോഗിക്കുന്നതിനുവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളിലെ ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമനങ്ങളും അവരുടെ സേവന വ്യവസ്ഥകളും സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സുനിശ്ചിതമായ കൂടുതൽ ചുമതലകൾ വിനിയോഗിക്കുന്നതിനുവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2009-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "മലബാർ ദേവസ്വം ബോർഡ്" എന്നാൽ, 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റിലെ (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള മലബാർ ദേവസ്വം ബോർഡ് എന്നർത്ഥമാകുന്നു ;

(ബി) "പബ്ലിക് സർവ്വീസ് കമ്മീഷൻ" എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നർത്ഥമാകുന്നു ;

3. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലകൾ.—(1) മലബാർ ദേവസ്വം ബോർഡിന്റെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളിൽ, കമ്മീഷണർ ഒഴികെ, എല്ലാ ഉദ്യോഗസ്ഥന്മാരേയും ജീവനക്കാരേയും, നേരിട്ടുള്ള നിയമനംവഴി, നിയമിക്കുന്നതിനു വേണ്ടി, ഹിന്ദുമതത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ തെരഞ്ഞെടുപ്പ് പട്ടിക തയ്യാറാക്കുന്നത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതാണ്.

(2) മലബാർ ദേവസ്വം ബോർഡ് പബ്ലിക് സർവ്വീസ് കമ്മീഷനുമായി,—

(എ) മലബാർ ദേവസ്വം ബോർഡിലെ, കമ്മീഷണർ ഒഴികെ, അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളിലെ തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങളിലും ;

(ബി) മലബാർ ദേവസ്വം ബോർഡിലെ, കമ്മീഷണർ ഒഴികെ, അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളിൻ കീഴിലുള്ള തസ്തികകളിലേക്ക്, നേരിട്ടുള്ള നിയമനംവഴി നിയമനം നടത്തുന്നതിന് പാലിക്കേണ്ട തത്വങ്ങളിന്മേലും അങ്ങനെയുള്ള നിയമനങ്ങളിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ അനുയോജ്യത സംബന്ധിച്ചും, കൂടിയാലോചിക്കേണ്ടതും, അപ്രകാരം തങ്ങൾക്ക് റഫർ ചെയ്യുന്ന ഏതൊരു സംഗതിയിന്മേലും ഉപദേശം നൽകേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതുമാണ്.

എന്നാൽ ഏതെങ്കിലും പൊതുവായതോ ഏതെങ്കിലും പ്രത്യേക സംഗതിയിലോ, പ്രത്യേക വിഭാഗം സംഗതികളിലോ ഏതെങ്കിലും പ്രത്യേക സാഹചര്യങ്ങളിലോ, പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത സംഗതികൾ ഏതൊക്കെയാണെന്ന് വിനിർദ്ദേശിക്കുന്ന ചട്ടങ്ങൾ സർക്കാരിന് ഉണ്ടാക്കാവുന്നതാണ്.

(3) പബ്ലിക് സർവ്വീസ് കമ്മീഷനും, മലബാർ ദേവസ്വം ബോർഡും തമ്മിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസമുള്ളപക്ഷം, ദേവസ്വം ബോർഡ് അക്കാര്യം സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതും, അതിന്മേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ് :

എന്നാൽ സർക്കാർ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനെതിരായി ഒരു തീരുമാനം എടുക്കുന്നതിനുമുൻപ് ആ കാര്യം പബ്ലിക് സർവ്വീസ് കമ്മീഷന് റഫർ ചെയ്യേണ്ടതാണ്.

4. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സർക്കാരിന്, പബ്ലിക് സർവ്വീസ് കമ്മീഷനും മലബാർ ദേവസ്വം ബോർഡുമായി ആലോചിച്ച് ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ—

(എ) പബ്ലിക് സർവ്വീസ് കമ്മീഷനുമായി ആലോചിക്കുന്നതിനുവേണ്ടി മലബാർ ദേവസ്വം ബോർഡ് അനുവർത്തിക്കേണ്ട നടപടിക്രമവും ;

(ബി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി ആലോചിക്കുന്ന ആവശ്യത്തിന് വേണ്ടി ആനുഷംഗികമോ ആവശ്യമോ ആയ ഏതൊരു കാര്യവും, വ്യവസ്ഥ ചെയ്യാവുന്നതുമാണ്.

(3) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാലു ദിവസത്തേക്ക് വയ്ക്കേണ്ടതും, അത് അപ്രകാരം വയ്ക്കുന്ന സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യമുണ്ടായിരിക്കുകയോ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു, എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടത്തിൻ കീഴിൽ മുമ്പ് ചെയ്ത എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റിലെ (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്) 8ഡി വകുപ്പ് പ്രകാരം, കമ്മീഷണർ ഒഴികെ, ബോർഡിലെ ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും എല്ലാ നിയമനങ്ങളും, നേരിട്ടുള്ള നിയമനം അവലംബിക്കുന്നിടത്ത്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഈ അധിക ചുമതല നിർവ്വഹിക്കുന്നതിനുവേണ്ടി ഉണ്ടാക്കപ്പെട്ട നിയമപ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നൽകുന്ന ഹിന്ദു മതത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ ഒരു തെരഞ്ഞെടുത്ത ലിസ്റ്റിൽ നിന്നും നടത്തപ്പെടേണ്ടതാണ്. ആയതിനാൽ ഭാരതത്തിന്റെ ഭരണഘടനയിലെ 321-ാം അനുച്ഛേദപ്രകാരം, ഉചിതമായ നിയമനിർമ്മാണത്തിലൂടെ മലബാർ ദേവസ്വം ബോർഡിന്റെ ഭരണപരമായ സേവനങ്ങൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷനെ അധികാരപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി ഒരു പുതിയ നിയമനിർമ്മാണം കൊണ്ടുവരേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

2. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ചുള്ള മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിലെ ക്ലിപ്ത നിബന്ധന പൊതുവായതോ ഏതെങ്കിലും പ്രത്യേക സംഗതിയിലോ ഏതെങ്കിലും പ്രത്യേക സാഹചര്യങ്ങളിലുള്ള ഒരു വിഭാഗം സംഗതികളിലോ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത സംഗതികൾ ഏതൊക്കെയാണെന്ന് വിനിർദ്ദേശിക്കുന്ന ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 4-ാം ഖണ്ഡം കൊണ്ട് ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി പബ്ലിക് സർവ്വീസ് കമ്മീഷനുമായും മലബാർ ദേവസ്വം ബോർഡുമായും കൂടിയാലോചിച്ച് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. മേൽപ്പറഞ്ഞവ നടപടിക്രമങ്ങളെ സംബന്ധിച്ചവയും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, ആയതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ജി. സുധാകരൻ.

(ശരിത്തർജ്ജമ)